MALABAR CANCER CENTRE
THALASSERY

# നേതി

ഒരു
ആന്റി ടുബാക്കോ
സെൽ
പ്രസിദ്ധീകരണം

മലബാർ കാൻസർ സെന്റർ, തലശ്ശേരി

വാല്യം - 3

ഫിബ്രവരി

# ലോക അർബുദ ദിനം 4

അർബുദ രോഗത്തെ ഗ്രസിച്ചിരിക്കുന്ന മിഥ്യാചിന്തകളും തെറ്റിധാരണകളും നീക്കി ജനങ്ങൾ അർബുദ രോഗത്തെയും ചികിത്സയെയും പ്രതിരോധമാർഗ്ഗങ്ങളെയും തുറന്ന മനസ്സോടെ സമീപിക്കാനാവശ്യമായ നടപടികൾ അംഗരാജ്യങ്ങൾ സ്വീകരിക്കണം എന്ന ആഹ്വാനത്തോടെയാണ് ഈ വർഷത്തെ ലോക അർബുദ ദിനം ലോകാരോഗ്യ സംഘടന ആചരിക്കുന്നത്. നല്ല ചികിത്സാ സൗകര്യങ്ങൾ ലഭിക്കാത്തതോ അത്തരം സ്ഥാപനങ്ങളുടെ അഭാവമോ അല്ല മറിച്ച് ചികിത്സയെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചുമുള്ള ഭയാശങ്കകളാണ് പലപ്പോഴും രോഗികളെ ചികിത്സയിൽ നിന്നും അകറ്റിനിർത്തുന്നത്. കാൻസർ എന്നാൽ മരണമാണ് എന്ന മുൻവിധി അഭ്യസ്തവിദ്യരുടെ ഇടയിൽപോലും പ്രകടമാണ് എന്ന യാഥാർത്ഥ്യം ശരിയായ കാൻസർ ബോധവൽക്കരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. അർബുദം ഒരു പകരുന്ന അസുഖമല്ല എന്ന അറിവുപോലുമില്ലാത്തവർ സമൂഹത്തിൽ കുറവല്ല. ചില മിഥ്യാധാരണകൾ വളരെ രസകരമാണ്. പപ്പായ കാൻസർ വരുത്തുമെന്ന പ്രചരണം മൂലം പപ്പായ മരങ്ങൾ കണ്ണൂർ ജില്ലയിൽ വിവിധ ഭാഗങ്ങളിൽ അന്യം നിന്നു പോകുന്ന അവസ്ഥയിലാണ്. ഇത്തരം അബദ്ധധാരണകൾ പ്രചരിപ്പിക്കുന്നവരോട് പുകവലിക്കരുത്, പുകയില കാൻസർ കൊണ്ടുവരും എന്നു പറഞ്ഞാൽ നേരേ വിപരീതമാകും ഫലം, പുകയില ഉപയോഗിക്കാതെ കാൻസർ വരുന്നവരുടെ കണക്കെടുക്കാനാകും അവർ അപ്പോൾ ശ്രമിക്കുക. പുകയില അർബുദ കാരണങ്ങളിൽ ഒന്നുമാത്രമാണെന്നു മനസ്സിലാക്കാനോ, സ്വയം വലിച്ചില്ലെങ്കിലും മറ്റുള്ളവരുടെ പുക ശ്വസിച്ചാൽ മാത്രം മതി കാൻസർ വരാനെന്നോ മറ്റുമുള്ള സത്യങ്ങൾ തിരിച്ചറിയാൻ സമയം ചിലവഴിക്കാൻ ആരും തയ്യാറല്ല. ഈ ഫിബ്രവരി 4, ഇത്തരം ഓർമ്മപ്പെടുത്തലുകളിലൂടെ നമ്മുടെ സമൂഹത്തെ ഉണർത്തട്ടെ.

ഡോ. ഫിൻസ് എം. ഫിലിപ്പ്

# ആചാരം

വൈശാഖ് വി.



ശരീരത്തിൽ
ജീവന്റെ അംശം
വളരെ
കുറവാണെന്ന്
ഡോക്ടറുടെ
ഉറപ്പു കിട്ടിയപ്പോഴാണ്
മനസ്സിലായത്
വലിച്ചൂതിയ
പുക
ചാരപ്പണി
ചെയ്തകാര്യം
അവശേഷിക്കുന്ന
ജീവന്റെ
നിത്യശാന്തിക്കായ്

അവസാന
പുകയെടുക്കുമ്പോഴാണ്
തെക്കേത്തൊടിയിൽ നിന്ന്
പുളിയൻ മാവ്
കൊമ്പടർത്തിയിട്ട്
പ്രതിഷേധിച്ചത്



Krishnapriya Jayaraj

# ചെറിയ വായിലെ വലിയ വർത്തമാനം

മഞ്ജുശ്രീ. ജി
IInd BSc Physics
Govt Brennen Colleg

സാധാരണ ഞായറാഴ്ച ഉറങ്ങിയാലും ഉറങ്ങിയാലും മതിവരാത്തതാണ്. എന്തോ, ഇന്നുറക്കം വന്നില്ല. അടുക്കളയിലെ മേളം കേട്ടപ്പോൾ മനസ്സിലായി, രാവിലെ തന്നെ തന്റെ പുന്നാര അനുജത്തി എന്തോ കുറുമ്പ് കാട്ടിയിട്ടുണ്ട്.

'അമ്മൂ നിന്നോടല്ലേ വായടക്കാൻ പറഞ്ഞത്, രാവിലെ തന്നെ എന്റെ കയ്യീന്ന് വാങ്ങിക്കും നീയ്യ്.... ശ്ശൊ! ഈ പെണ്ണിനെകൊണ്ട് ഞാൻ തോറ്റു'

അമ്മയുടെ ശബ്ദമാണ്.

അമ്മു കരച്ചിൽ നിർത്തുന്ന ലക്ഷണമേ ഇല്ല.

'കാവ്യാ, നീയാ ദോശയൊന്ന് മറിച്ചിട്ടേ, അച്ഛനിപ്പോ എത്തും'

അമ്മ എന്റെ നേർക്ക് തിരിഞ്ഞു.

നടത്തം കഴിഞ്ഞു വന്നപാടേ എന്തെങ്കിലും തിന്നാലേ അച്ഛന് തൃപ്തിയാകൂ.

പത്ര താളുകളിലൂടെ ഒന്നെത്തി നോക്കി. അച്ഛനും ജോസങ്കിളും ചൂടേറിയ ചർച്ചയിലാണ്. അച്ഛന്റെ ഉറ്റ ചങ്ങാതിയാണ് ജോസങ്കിൾ. ഭൂമിക്കു താഴേയുള്ള എന്തും അവരുടെ ചർച്ചയ്ക്ക് പാത്രമാകും. പ്രഭാത സവാരികഴിഞ്ഞൊരു പ്രഭാത സംഭാഷണം.

ഇടയ്ക്ക് വെച്ച് പതിവുപോലെ മുറ്റത്തിന്റെ മൂലയ്ക്ക് പോയി നിന്ന് അങ്കിൾ പുകവലിക്കാൻ തുടങ്ങി. എല്ലാവരിൽ നിന്നും മാറിനിന്ന്, എല്ലാ പുകയും സ്വയം ഏറ്റുവാങ്ങുന്ന ആ കാഴ്ച ഞാൻ ചെറുപ്പത്തിലേ കാണുന്നതാണ്.

'അച്ഛാ അച്ഛാ, അങ്കിളെവിടെ?'

അമ്മു കുണുങ്ങി കൊണ്ട് ഉമ്മറത്തെത്തി.

അച്ഛൻ അവളെ എടുത്തു മടിയിൽ വെച്ചു.

'പറ്, അച്ഛാ, ജോസങ്കിളെവിടെ?"

അപ്പോഴേക്കും ആ കുഞ്ഞു കണ്ണുകൾ മുറ്റത്തുള്ള അങ്കിളിനെകണ്ടിരുന്നു. അവൾ അച്ഛന്റെ മടിയിൽ നിന്നും കുതറിയോടി. ഓടുന്ന ഓട്ടത്തിനിടയിൽ അവളെന്നെ തിരിഞ്ഞു നോക്കി

'പിന്നേയ്, ജോസങ്കിൾ എനിക്ക് ചോക്ലേറ്റ് തരൂന്ന് പറഞ്ഞു, ചേച്ചിക്ക് തരൂല്ല, അപ്പാടും തിന്നും, അമ്മു ഒറ്റയ്ക്കു തിന്നും'

അമ്മൂനെകണ്ടതും ജോസങ്കിൾ സിഗരറ്റു കുറ്റി താഴേയിട്ട് ഉമ്മറത്തേക്ക് വന്നു.

അമ്മു അങ്കിളിനെതന്നെ നോക്കി നിൽക്കുകയാണ്. പിന്നെ പൊടുന്നനെയെന്നോണം പറഞ്ഞു.

'കേൻസറ് വരും ജോസങ്കിളിന് കേൻസറ് വരും'

ഞങ്ങളെല്ലാവരും സ്തംഭിച്ചു പോയ്.

'അമ്മു ന്താ, ഇത് അങ്കിളിനോട് ഇങ്ങനെയാ പറയാ, ഇങ്ങട്ട് വാ'

അമ്മ അമ്മൂനെവിളിച്ചു

'സത്യാ,മ്മേ എന്നോട് ന്റെ ടീച്ചറ് പറഞ്ഞതാ, പൊക വലിച്ചാല് കേൻസറ് വരും. കേൻസറ് വന്നാലേയ് മരി...'

'അമ്മൂ...' അമ്മ അവളെ വിലക്കി

'ഓളെ ചെറിയ വായിലെ ഒരു വലിയ വർത്താനം'

അമ്മ പറഞ്ഞു തീർക്കുമ്പോഴേക്കും, ജോസങ്കിൾ മുഖം തരാതെ യാത്ര ചോദിച്ച് നടന്നു.

അമ്മൂട്ടി ചെറിയ വായിൽ പറഞ്ഞത് വലിയ, വളരെ വലിയ വർത്തമാനമാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു.

ജോസങ്കിളിന്റെ വീട്ടിൽ നിന്ന് അച്ഛൻ മടങ്ങി വന്നത് മനസ്സ് നിറഞ്ഞ പുഞ്ചിരിയോടെയായിരുന്നു. വന്ന പാടേ അമ്മൂനെവാരിയെടുത്തൊരു മുത്തം കൊടുത്തു. അതെനിക്കത്ര പിടിച്ചില്ല. ഈയിടെ ലാളന്ന ഇത്തിരി കൂടുന്നുണ്ട്.

'ന്ത, ന്താ ഇത്ര സന്തോഷം

അമ്മയ്ക്ക് ആകാംക്ഷയടയ്ക്കാനായില്ല.

'അതൊക്കെ ഉണ്ടെന്നേ'

ഒന്നും മനസ്സിലാകാതെ മിഴിച്ചു നിൽക്കുകയായിരുന്നു ഞാനും അമ്മയും

'നമ്മുടെ ജോസ് വലി നിർത്തി'

അച്ഛൻ തുടർന്നു.

'അവനിനി പുകവലിക്കില്ല'

അച്ഛൻ അമ്മൂനെഎടുത്ത് മടിയിൽ വെച്ചു.

'ഇന്നലെ അമ്മൂട്ടി പറഞ്ഞത് അവന്റെ ഉള്ളിൽ തന്നെ കൊണ്ടു'

ഞാനൊന്നും അറിഞ്ഞില്ല എന്ന ഭാവത്തിൽ കഥാനായിക അച്ഛന്റെ കീശയിൽ ചോക്ലേറ്റിന് തപ്പുകയായിരുന്നു.

അവളുടെ ചെറിയ വായിലെ വലിയ വർത്തമാനം ഇത്രയും വലുതാണെന്ന് അവളറിയില്ലല്ലോ.ഞാനെന്റെ ഡയറിതാളുകളിൽ കുറിച്ചിട്ടു.

'ചെറിയ വായിൽ വരുന്ന വലിയ വർത്തമാനങ്ങൾ പോലും, വലിയ തലകൾ തുറക്കുമ്പോൾ, നാം എന്തിനീ വലിയ വായകൾ അടച്ചു പിടിക്കണം?'

# കറുത്ത ഞണ്ടുകൾ

യു.കെ.രാഹുലൻ
ഗവ. പോളി ടെക്ക്നിക്ക്,
മട്ടന്നൂർ



ഞാൻ ഞണ്ട്......!
'എന്റെ പൂർവീകർ
ജീവിതത്തെ പുറകോട്ട്.
നടത്തിച്ചിട്ടുണ്ട്.
പീച്ചാളിയായപ്പോൾ തന്നെ-
മണൽ തിരകളിലടിഞ്ഞ
പഴക്കം ചെന്ന ശവത്തെ
പരതി നടന്നു....
റോജാ പാക്കിന്റെ ചവറ് കുടിച്ച്
മണലിലുറങ്ങുന്ന
യുവതയുടെ ചെറുകുടലിൽ
ഞാനൊളിച്ചു.
സ്വന്തം ഭ്രൂണംതിന്ന് വളർന്നയെനിക്ക്-
വിശന്നപ്പോൾ
ഉദരം കാർന്നു തിന്നേണ്ടി വന്നു...
ബ്രൗൺ നിറമുള്ള ചോര
കുടിച്ചു മദിച്ചു....
ഒടുവിലയാൾ....
വീൽ ചെയറിലിരുന്ന്
കൗൺസിലിങ്ങിനെത്തിയപ്പോൾ
കവാടത്തിലെ കണ്ണാടിയിൽ
രണ്ട് കറുത്ത ഞണ്ടുകൾ



Suhana R.P
VIIIth L
R.G.M.H.S.S



# തുടക്കം മുതൽ ഒടുക്കം വരെ

Arathi K.P
IInd BSc Physics
Govt Brennen College

ഗർഭാവസ്ഥ
അപരിചിതമായൊരു രൂക്ഷഗന്ധം
ശ്വാസം മുട്ടിച്ചപ്പോൾ
അവൻ അമ്മയെ കുത്തിനോവിച്ചു
അഞ്ചാംമാസം
കാഴ്ചയും ഓർമ്മയും
ഉറച്ചുതുടങ്ങും മുമ്പേ അവനറിഞ്ഞു
അമ്മതന്നാർദ്രമാം കണ്ണുകൾ
പുകചുരുളുകളാൽ മൂടുന്നതായി
ഈറനണിയുന്നതായി
ബാല്യം
അവൻ അമ്മയോടാരാഞ്ഞു കൗതുകത്തോടെ
‘അച്ഛനെന്താണമ്മേ ആറുവിരലുകൾ?
ആറാം വിരലെന്തേയെപ്പോഴും പുകഞ്ഞു കൊണ്ടിരിക്കുന്നു?’
കൊഞ്ചി കൊഞ്ചി അമ്മയ്ക്കൊരു മുത്തം കൊടുത്തപ്പോൾ
‘അയ്യേ! അമ്മയുടെ കവിളിനെന്താ ഉപ്പുരസം?...
കൗമാരം
അച്ഛനായിരുന്നു ഹീറോ, ആക്ഷൻ സിനിമകളോട് പ്രിയവും
ചാപല്യവും സാഹസവും പ്രിയ സ്നേഹിതർ
അവനറിയാതെ അവന്റെ കൈകളിലൊരാറാം വിരൽ മുളച്ചു
യൗവനം (അതോ വാർദ്ധക്യമോ?)
യൗവനത്തിനും വാർദ്ധക്യത്തിനുമിടയിലെ
ഇടവേള കുറഞ്ഞപ്പോൾ അവനറിഞ്ഞു
അവനെയെന്തോ കാർന്നു കാർന്നുതിന്നുന്നു
ഒടുക്കം
ഒരു പുകച്ചുരുളായി
ഒരു പിടി ചാരമായി
അവൻ മറഞ്ഞപ്പോൾ
പ്രിയപ്പെട്ടവളുടെ ഒക്കത്തിരുന്ന്
ഒരാൾ ഉപ്പുരസം നുണയുന്നുണ്ടായിരുന്നു




AKSHAJ E
Ist BSc Mathematic






## കുറുമൊഴികൾ

(1)
പുകവലി വിടാതിരിക്കുന്നോരേ, ഹാ!
പെരും പുകയാവും ഒടുവിൽ ജീവിതം!
(2)
മദ്യപാനത്തിൽ കുടുങ്ങിക്കിടപ്പോർക്കു
മോചനം നൽകില്ല ദുരിതങ്ങളെപ്പൊഴും!
(3)
സ്ത്രീ പീഡനത്തിൽ രമിക്കുന്ന ദുഷ്ടർക്കു
സൂക്ഷ്മതയില്ല, സമൂഹത്തെ കാണുവാൻ
(4)
മൊബൈൽ ഫോണിൻ രസം മൊത്തിക്കുടിക്കുവോർ
മുടിക്കാൻ പാടില്ല മനുഷ്യജീവിതം
(5)
‘സീരിയൽ’ തന്നെയീലോകമെന്നോർക്കുന്ന
സ്ത്രീകൾ കുഴികളിൽ വീഴാതെ നോക്കണം!
(6)
റോഡിൽ കുരുതിക്കളം തീർക്കും വാഹനം
രോദനമാരി വീഴ്ന്നിടുന്നു നിശ്ചയം

എ. വി. ചന്ദ്രൻ, ചുറുകുന്ന്

# My Only Wish

Theertha P.
VIIIth std., CMI Chirst School, Iritty

As Iam walking in basement here and there I saw her with very same spark in eyes which has lost from my sight a few years back. I did have better listen to her or spend some time for her, it would have stopped her or save her from those nasty peoples.

Mia Rosen, the role model for all of us. No one will believe that the beauty and the brain teen had to leave the world at only seventeen. She was really a good witch who cast spells on others and make everyone her admirers. I don't no what had made here to make me her best friend. Perhaps that was Mia. She respects everyone, helps everyone and motivates them.

I will never forget the last time I so her with the pale face and expressionless eyes. I know something was wrong with her. She needs someone to talk, to give her some care but I was simply too busy. No, I made myself busy. Something part her from me even if I know it was the right time she needs, So, She succeded in separating us, it was she who made Mia to join club which totally changed her life.

The next time I saw her was in white dress, closing her eyes and covered with flowers. She was not at all beautiful, scares made of fingers and knife made her face wired she was pale and dull as the last time I had seen her. I know her heart was not ponding and I know it never will. She had left me for ever all hopes were lost. But a letter from her made me to decide that i will not let anything happen to anyone like this. The letter made be feel guilty. Not to find sometime for her.  It was like this.

Dear Jenny

You are such a wonderful friend I had everseen I know you are very sorry for me. You knows that Elsie made me join the club which contains many girls who had bad habits but they do attract me. I went with them somewhere somany times. They gave me something - an injection or a capsule which puts me into another world, a beautiful one. As time went I become addict of it, I can't concentrate on anything. I realize it was bad to use it. I decided to quit from the club. But they never let anyone out who knows their secrets. I was very sad, I wanted badly quit. I argued for it.

I know they will never allow me to live happily Iam trapped. I don't have any choice but  I had many choice before to say no to all these things. But I don't, I wish for someone to advise me, give me some guidelines but my parents were too busy earning money. But for whom ? I wish you had spend sometime with me. Such situations should not happen again. I leave it to Jenny, to fight against them, to protect everybody from them and save the world. You must promise me.

Lovingly
Mia

I wish I had spend sometime for you Mia. Now the last thing I can do for you is to fight against drugs and all there things.

As we are the skilled, spirited and hopeful future generations we should join our hands to make a world with peace and happiness.

"Loka Samastha Sukino Bavandu"

# ശീലം

അശ്വിൻ ബി
IInd BSc Chemistry
Govt Brennen College

ചുണ്ടിനും വിരലിനും
ഇടയിലെ
നേരം പോക്കലാണത്രെ വലി!
ഗ്യാരന്റിയില്ലാത്ത
ഈ ഭൂമിയിൽ
എന്തിനാണ്
ഭാവി ഓർത്ത് വ്യാകുലപ്പെടുന്നത്
തുടക്കം ഇവിടെ, ഇതിലൂടെ
ഇനി,
കൗമാരം യുവത്വം വാർദ്ധക്യം
പ്രായ വ്യത്യാസമില്ലാതെ
ആശുപത്രി ചുമരുകളെ
അഭയം പ്രാപിക്കാൻ
ഒരു ചുമ തന്നെ ധാരാളം!
ചിരിച്ച് പരിഹസിക്കുന്ന
ഉപദേശം
വഴിയിൽ ഉപേക്ഷിച്ച്
കറ കലരാത്ത
ഹൃദയ തുടിപ്പിനായി
കരുതിവെക്കണം
പുക ചേരാത്ത വായു....





Anurubha Pradeep
'Aparna', Azhicode, kannur - 9

അനുഭവം

# ഞാൻ മുരുകേശൻ....

ഡോ. നീതു

മലബാർ കാൻസർ സെന്റർ, കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം നടത്തിവരുന്ന അർബുദ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഞാനും എന്റെ സഹപ്രവർത്തകരും (സന്തോഷും. ഡോ.ഫിൻസും) അട്ടപ്പാടിയിലെത്തുന്നത് അവിടുത്തെ ആദിവാസി ഊരുകളിൽ പുകയിലയുടെ ഉപയോഗവും വായിലെ കാൻസർ സാധ്യതകളും കൂടുതലാണെന്ന അറിവിന്റെ പശ്ചാത്തലത്തിലാണ് പാലക്കാടുള്ള ആരോഗ്യവകുപ്പിലെ അധികാരികൾ ഞങ്ങളെ ക്യാമ്പ് നടത്താൻ (വായിലെ കാൻസർ നിർണ്ണയത്തിനുള്ള) അങ്ങോട്ട് വിളിച്ചത്. ഒരു സ്ഥലത്ത് ക്യാമ്പ് വെച്ചാൽ അവരാരും ഊരു വിട്ട് ക്യാമ്പിലേക്ക് വരികയില്ല എന്നത് അവിടുത്തെ ആരോഗ്യ പ്രവർത്തകരുടെ അനുഭവം.

ഞങ്ങൾ പട്ടിമാളം ഊരിലേക്ക് പരിശോധനക്കായ് പോയി. കുറച്ച് ആദിവാസികൾ മാത്രമേ പരിശോധനയ്ക്കായ് വന്നുള്ളൂ. ആരോഗ്യ പ്രവർത്തകർ വീടുകളിൽ പോയി വിളിച്ചിട്ടും അവർ വന്നില്ല. ഊരിൽ രാത്രി മാത്രമേ ആളുകൾ ഉണ്ടാവുകയുള്ളൂ. പകൽ അവർ കൂലിപ്പണിക്കോ, ആടു മേയ്ക്കാനോ പോകും അതിനാൽ രാത്രിയാണ് പരിശോധന മുറിയുടെ മൂലക്ക് ദൂരെ മാറിനിന്ന ചെറുപ്പക്കാരൻ എന്റെ കണ്ണിൽപെട്ടു. ഞാൻ അടുത്തേക്ക് വിളിച്ചു. എന്താണ് പരിശോധിക്കാൻ വരാത്തത്? ഞാൻ ചോദിച്ചു.

പേടിയാണ് സാറെ. അവൻ പറഞ്ഞു.

എന്താണ് പേര്?

ഞാൻ മുരുകേശൻ

എന്ത് ചെയ്യുന്നു?

ഞാൻ ടൈയ്‌ലറാണ് പാന്റും ഷർട്ടും തയ്ക്കും

മുറുക്കാറുണ്ടോ?

തെല്ല് സങ്കോചത്തോടെ അവൻ പറഞ്ഞു.

'അത് പിന്നെ കറന്റ് കട്ട് ഉണ്ടാകുമ്പോൾ, തൊട്ടടുത്തെ മുറുക്കാൻ കടയിൽ ചെന്നിരിക്കും അങ്ങനെമുറുക്കി തുടങ്ങി.

മുറുക്കിയാൽ മുരുകേശന് ഭാവിയിൽ അസുഖങ്ങൾ എന്തെങ്കിലും വരുമോ? ഞാൻ ചോദിച്ചു.

എന്തസുഖം ? എനിക്കറിയില്ല

ലാപ്ടോപ് തുറന്ന് ഞങ്ങൾ അവന് വായിലെ കാൻസറിന്റെ ചിത്രങ്ങൾ കാണിച്ചു കൊടുത്തു.

ഉടനെഅവൻ പറഞ്ഞു - സാർ എന്റെ വായ പരിശോധിക്കണം.

അവന്റെ വായ് പരിശോധിച്ചപ്പോൾ പുകയില ഉപയോഗം കൊണ്ട് വായിൽ ചില മാറ്റങ്ങൾ കാണാൻ സാധിച്ചു. ഇത് ഫോട്ടോ എടുത്ത് ഞങ്ങൾ അവനെകാണിച്ചു കൊടുത്തു.

ഇങ്ങനെയൊക്കെ ആകുമെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ ഇനി പുകയില ഉപയോഗിക്കുകയില്ല.

'സാറേ ഇവിടെ കുറെപ്പേർ പുകയില ഉപയോഗിക്കുന്നുണ്ട്. എന്നിട്ട് ഇവിടെയാരും പരിശോധിക്കാൻ വന്നില്ലല്ലോ?

ഞാൻ പറഞ്ഞു. സാറുമാര് കുറച്ച് നേരം കൂടി ഇവിടെ ഇരിക്കണം. ഞാൻ ഇപ്പോൾ വരാം. അവൻ പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അവൻ കൂറേ ചെറുപ്പക്കാരെയും കൊണ്ടുവന്നു. ഇവരെയെല്ലാം പരിശോധിക്കണം. ഇവർക്ക് ചിത്രങ്ങളും കാണിച്ച് കൊടുക്കണം. എന്നാൽ എന്നെ പോലെ അവരും ഉപയോഗം നിർത്തും.

അങ്ങനെ മുരുകേശൻ കാരണം കുറേ പേരിലേക്ക് ഞങ്ങൾക്ക് ബോധവൽക്കരണം എത്തിക്കാൻ പറ്റി. പോകുമ്പോൾ മുരുകേശൻ ചോദിച്ചു. നാളെയും വരുമോ? ഞാൻ ഊരിലെ എല്ലാവരെയും സംഘടിപ്പിക്കാം. പക്ഷെ പിറ്റെന്ന് തിരിച്ചു പോകേണ്ടത് കൊണ്ട് അത് സാധിച്ചില്ല.

എന്നാൽ പുകയിലക്കെതിരെ പോരാടുവാൻ പട്ടിമാളം ഊരിൽ മുരുകേശൻ ഉണ്ടല്ലോ? ഞാൻ പറഞ്ഞു.

തീർച്ചയായും സാറെ. ഞങ്ങളുടെ ജീപ്പ് മുന്നോട്ട് നീങ്ങി

കൂട്ടായ പ്രവർത്തനത്തിലൂടെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നമുക്ക് ഈ ദുശ്ശീലം പിഴുതെറിയാം. നിർത്താം പുകയില, ശ്വസിക്കാം ജീവിതം




Sreelakshmi V., VIIIth A, GGHSS Thalassery

കവിത

## നിഷേധം

Vyshnavi Muraleedharan
I B A Sanskrit
Govt. Brennen College

അടുത്തു പോകരുത്
അടക്കം പറയരുത്
മിണ്ടാതിരിക്കുക
ശ്................. ..........
ആ മുഖം കാണേണ്ട
കാമചേഷ്ടയിൽ മയങ്ങേണ്ട
സരസ്വതി വിദ്യാലയം
അശുദ്ധമാക്കീടണ്ട
ആ മസ്മരഗന്ധത്തിൽ മയങ്ങണ്ട
പ്രതികരിക്കാനായ്
നാവുയരട്ടെ
അടിച്ചമർത്താനായ്
മുഷ്ടികളുയരട്ടെ...
ഈ നിഷേധ റാലിയിൽ
സന്മനസ്സുള്ളവർക്ക് സ്വാഗതം
പുകയില വകയില്ലാതോട്ടം തുടരട്ടെ....



# ലഹരി ഉപയോഗം സ്റ്റാറ്റസിന്റെ ഭാഗം?

DILEEP P NAMBIAR
II MA Hindi
Govt. Brennen College

ലഹരിയും മദ്യപാനവും മയക്കുമരുന്നും ഇന്ന് സമൂഹത്തെയാകെ ഗ്രസിച്ചിരിക്കുകയാണ്. ആധുനിക കാലഘട്ടത്തിൽ പലരും സ്റ്റാറ്റസിന്റെ ചിഹ്നമായാണ് ഇത്തരം ദുഃശീലങ്ങളെ കാണുന്നത്. ഒരു കാലത്ത് ചെറിയ തോതിലുള്ള ദുഃശ്ശീലങ്ങളാണ് ആളുകൾ സ്വീകരിച്ചിരുന്നതെങ്കിൽ ഇന്ന് ഇതിന്റെ അളവും തോതും കൂടിക്കൊണ്ടിരിക്കുന്നു. പുകയിലയായിരുന്നു ആദ്യകാലവില്ലൻ. ഗൾഫിൽ നിന്നും വരുന്നവരിൽ പലരും സുഹൃത്തുക്കൾക്ക് സമ്മാനമായി നൽകിയിരുന്നത് പോലും സിഗരിറ്റിന്റെ പാക്കുകളായിരുന്നു. കാലം മാറിയപ്പോൾ ഈ രീതിക്ക് മാറ്റം സംഭവിച്ചു.

ഇന്ന് പലർക്കും ലഹരി പദാർത്ഥങ്ങളെ ഒഴിച്ചു കൂടാൻ പറ്റാതായിരിക്കുന്നു.ചെറിയ ലഹരികളിൽ നിന്ന് തുടങ്ങി വൻ ദോഷമുണ്ടാക്കുന്ന വസ്തുക്കളിലേക്ക് മാറുന്നു. റോജാ പാക്കിൽ തുടങ്ങി കഞ്ചാവിലും കറുപ്പിലും എത്തിപ്പെടുന്നവർ വിരളമല്ല. ഗുഡ്ക, പാൻപരാഗ്, മധു, പാൻമസാല, ഹാൻസ് തുടങ്ങിയവ ഉപയോഗിക്കുന്നവർ വിരളമാണ്. പാൻപരാഗ് പോലുള്ളവ ചവച്ചരയ്ക്കുകയാണെങ്കിൽ ഹാൻസ് പോലുള്ളുവ നേരിട്ട് രക്തത്തിൽ പ്രവേശിക്കും.

ഹാൻസിൽ മുഖ്യമായി ചേർക്കുന്നത് കുപ്പിച്ചില്ലുപൊടിയാണെന്ന് ഈയിടെ ഒരു റിപ്പോർട്ടിൽ വായിച്ചു. ഇത് ചുണ്ടിനടിയിൽ വയ്ക്കുമ്പോൾ മൃദുവായ ആ ഭാഗത്ത് മുറിവ് ഉണ്ടാകുകയും അതിലൂടെ ഹാൻസിലടങ്ങിയ 20ൽ അധികം രാസവസ്തുക്കൾ രക്തത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ഒരാൾ ചുരുങ്ങിയത് ഒരു വർഷത്തിൽ 25 പേരെയെങ്കിലും അതിലേക്ക് കൂട്ടികൊണ്ടു പോവുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. പുകവലിക്കുന്നവർ സ്വദേഹത്തോട് മാത്രമല്ല ഉപദ്രവം ചെയ്യുന്നത് മറ്റുള്ളവരിലേക്കും ശല്യമുണ്ടാക്കുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി പദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും വർദ്ധിക്കുന്നു. ഇതിനെതിരെ അദ്ധ്യാപകരും, പി.ടി.എ യും എല്ലാം ജാഗ്രത പുലർത്തണം. വരും തലമുറയെ ലഹരിമുക്തമാക്കിതീർക്കാൻ നാം കൂടി കഠിനാധ്വാനം ചെയ്തേ പറ്റൂ.

# പുകയിലയിൽ അടങ്ങിയിരിക്കുന്ന വിഷപദാർത്ഥങ്ങൾ



'നിക്കോട്ടിയാന ടൊബാക്കം' എന്ന സസ്യത്തിൽ നിന്നാണ് പുകയില ലഭിക്കുന്നത്. ഈ സസ്യത്തിന്റെ ഇലകൾ പ്രത്യേക രീതിയിൽ സംസ്ക്കരിച്ചാണ് പുകയിലച്ചുരുൾ ഉണ്ടാക്കുന്നത്.

സംസ്ക്കരിച്ചെടുത്ത പുകയിലയിൽ ഏകദേശം 2550ഓളം രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. പക്ഷേ, പുകയില കത്തിച്ചു കഴിയുമ്പോൾ പുറത്തുവരുന്ന രാസവസ്തുക്കളുടെ എണ്ണം7000ത്തിൽ അധികമാണ്. ഇതിൽ കുറഞ്ഞത് 69 ഓളം രാസവസ്തുക്കൾ അർബുദത്തിന് കാരണമാവുന്നവയാണ്.

**നിക്കോട്ടിൻ** : പുകയില ഉപയോഗിക്കുന്നവരിൽ അത് വീണ്ടും വീണ്ടും ഉപയോഗിക്കാനുള്ള പ്രേരണ ചെലുത്തി, അടിമപ്പെടുത്തുന്ന രാസവസ്തുവാണ് നിക്കോട്ടിൻ. കൊക്കെയിൻ, മോർഫിൻ, ഹെറോയിൻ അടങ്ങിയ മയക്കുമരുന്നുകൾക്ക് ഒപ്പമോ ഒരുപടി മുന്നിലോ ആണ് അടിമപ്പെടുത്തുവാനുള്ള നിക്കോട്ടിന്റെ ശേഷി. ഇതിലാണ് ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ പിന്നീട് ആ ശീലം ഉപേക്ഷിക്കുക ഏറെ ക്ലേശകരമായി മാറുന്നത്. നിക്കോട്ടിൻ ഉപയോഗിച്ചു തുടങ്ങിയാൽ നിമിഷങ്ങൾക്കുള്ളിൽ തലച്ചോറിൽ എത്തുകയും നാഡീ വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. തൽഫലമായി രക്തസമ്മർദ്ദം ഉയരുകയും തൊലിക്കടിയിലെ രക്തക്കുഴലുകൾ ചുരുങ്ങുകയും ചെയ്യുന്നു.

**ടാർ** : പുകവലിയുടെ ഉപോൽപ്പന്നമായി ഉണ്ടാകുന്ന ടാറിൽ നൂറുകണക്കിന് രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. ഇവയിൽ ഭൂരിഭാഗവും അർബുദ കാരണമായിട്ടുള്ളവയാണ്. ഈ ടാർ ശ്വാസകോശത്തിലാണ് അടിയുക. തുടർന്ന് ശ്വാസകോശാർബുദം വിളിച്ചുവരുത്തുന്നു.

**ബെൻസോപൈരീൻ** : പുകയിലയിൽ അടങ്ങിയിട്ടുള്ള അർബുദകാരണമാകുന്ന രാസവസ്തുക്കളിൽ ഏററവും മാരകമായിട്ടുള്ളത്.

**കാർബൺ മോണോക്സൈഡ്** : പുകയിലപ്പുകയിൽ അടങ്ങിയിട്ടുള്ള മറ്റൊരു മാരകവാതകമാണ് കാർബൺ മോണോക്സൈഡ് ഇത് രക്തത്തിൽ ചുവന്ന രക്താണുക്കളുടെ ഓക്സിജൻ വിതരണ ശേഷിയെ കുറയ്ക്കുന്നു. തൽഫലമായി ഹൃദയത്തിനുംതലച്ചോറിനും പേശികൾക്കും ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാവാൻ കാരണമാകുന്നു.

**ഫോർമാൽഡിഹൈഡ്** : പുകയിലയിൽ ഈർപ്പം പെട്ടെന്ന് നഷ്ടപ്പെടാതിരിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവാണ് ഫോർമാൽ ഡിഹൈഡ്. ഇതേ രാസവസ്തു തന്നെയാണ് ശവശരീരം കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്നത്. ഇത് അറിയപ്പെടുന്ന അർബുദകാരിയായ രാസപദാർത്ഥമാണ്. കൂടാതെ ശ്വാസകോശം, ദഹനവ്യവസ്ഥ, തൊലി തുടങ്ങിയ അവയവങ്ങൾക്ക് സാരമായ കേടുപാടുകളും ഉണ്ടാക്കുന്നു.

**ബെൻസീൻ** : വളരെ ചെറിയ അളവിൽ പോലും അർബുദകാരണമാകുന്ന രാസവസ്തുവാണ് ബെൻസീൻ. ഇതുമായി അടുത്ത് ഇടപഴകുന്നത് വളരെ ഗുരുതരമായ ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

**ഹൈഡ്രജൻ സയനൈഡ്** : പുകയിലയിൽ അടങ്ങിയിരിക്കുന്ന ഏറ്റവും മാരകമായ രാസപദാർത്ഥങ്ങളിൽ ഒന്ന് രണ്ടാം ലോക മഹായുദ്ധകാലത്ത് ഗ്ലാസ് ചേമ്പറുകളിൽ നിറയ്ക്കാനുപയോഗിച്ച വിഷവാതകങ്ങളിൽ ഒന്നാണ് ഇത്. സിഗരറ്റിൽ അടങ്ങിയിരിക്കുന്ന ചെറിയ അളവിൽ പോലും ഇത് ശ്വസന വ്യവസ്ഥയുടെ താളം തെറ്റിക്കും. കൂടാതെ മറ്റ് രാസ വസ്തുക്കൾ ശ്വാസകോശത്തിൽ അടിഞ്ഞുകൂടുന്നതിന് കാരണമാവുകയും ചെയ്യുന്നു.

**ആർസെനിക്** : പുകയില കർഷകർ കീടങ്ങളിൽ നിന്ന് പുകയിലച്ചെടിയെ രക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന മാരകകീടനാശിനി ആർസെനിക് ശരീരത്തിനുള്ളിലെത്തുന്നത് ഗുരുതരമായ ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

**കാഡ്മിയം** : ബാറ്ററികളിലൊക്കെ കണ്ടുവരുന്ന മാരകവിഷമുള്ള ലോഹമാണ് കാഡ്മിയം. കരൾ, കിഡ്നി, തലച്ചോർ എന്നിവയെ ഇത് മാരകമായി ബാധിക്കുന്നു. ശരീരത്തിൽ വർഷങ്ങളോളം നിലനിൽക്കുകയും ചെയ്യുന്നു.

**അമോണിയ** : ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന രാസവസ്തുവാണ് അമോണിയ. ഇത് നിക്കോട്ടിൻ ശരീരത്തിലേക്ക് കൂടുതലായി ആഗിരണം ചെയ്യപ്പെടുന്നതിന് സഹായകരമായി പ്രവർത്തിക്കുന്നു. തൽഫലമായി ആളുകൾ കൂടുതലായി പുകയില ശീലത്തിന് അടിമപ്പെടുന്നു.

**ടർപെന്റയിൻ** : നിറങ്ങൾ ലയിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ രാസവസ്തു അതീവ മാരകമാണ്

**മെത്തോപ്രീൻ** : വളർത്തുമൃഗങ്ങളിൽ കണ്ടുവരുന്ന ചെള്ളുകളെയും ഈച്ചകളെയും നശിപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു

**അസെറ്റോൺ** :നെയിൽപോളീഷ് കളയാൻ ഉപയോഗിക്കുന്ന രാസവസ്തു

**ലെഡ്** : വളരെ ഗുരുതരമായ ശാരീരിക പ്രത്യാഘാതങ്ങൾക്ക് വഴി വെയ്ക്കുന്ന ലോഹമാണ് ലെഡ്. വളർച്ച മുരടിപ്പിക്കുകയും തലച്ചോറിന് തകരാറുവരുത്തുകയും ചെയ്യുന്നു.

**നാഫ്തലീൻ** : ഈ രാസവസ്തു പ്രധാനമായും പാറ്റകളെയും മറ്റ് കീടങ്ങളെയും നശിപ്പിക്കാനായി ഉപയോഗിക്കുന്നതാണ്.




Jishnu K.
Xth, Mambaram HSS



പ്രിയങ്ക പി. XI-B

# എന്തിനു പുകയുന്നു?

ഹേ.. മനുഷ്യാ!
നീ എന്തിനിങ്ങനെ പുകയുന്നു?
സ്വയം പുകഞ്ഞമരുന്നു?
ഒരു നിമിഷത്തെ ലഹരിക്കായ്
മനസ്സ് ചാഞ്ചാടുമ്പോൾ
നിന്റെ ഒരായുസ്സ് പാഴാവുന്നു,
എന്ന് നീ ഓർക്കുക
ഒഴുക്കിൽപെട്ട കരിയിലപോൽ-
നിൻ ജീവിതം
എങ്ങോട്ടെന്നില്ലാതെ ഒഴുകുന്നു
അടിമയാവുന്നു നീ സ്വയം ഈ ലഹരിക്ക്
ഒപ്പം കൊണ്ടുപോവുന്നു
സഹവാസികളുടെ ജീവനും
ഓരോ തീക്കനലും ഭസ്മമായ് മാറുമ്പോൾ
നിൻ ദിവസങ്ങൾ കുറിക്കപ്പെട്ടുകൊണ്ടിരിക്കുന്നു
ജീവിത ഘടികാരത്തിലെ ഓടിതളർന്ന സൂചികൾ
നിനക്ക് യാത്രാമൊഴിയോതുന്നു
നിൻ ജീവനോ?
ഒരു ചുടുകണ്ണീർ പൊഴിക്കവയ്യാതെ
ഒരു നാളമായ്
ഒരു പിടിചാരമായ്
മേഘകൊട്ടാരത്തിലേക്ക്
അപൂർണ്ണ സ്വപ്നങ്ങളെ ഓർത്ത്
മറ്റ് കൂട്ടാളികളെയും കാത്ത്

Anand Unninarayanan
IX, St. Joseph's H S S Tly.




കവിത

മനുഷ്യനും ഫാക്ടറിയായ് മാറുന്നു,
പുകക്കുഴലുകളുയരുന്നു-
പുകയും അടങ്ങാതെക്കുഴലുകളിലൂടുയരുന്നു
വിഷപ്പുക ജീവനാഡികളെയുറക്കുന്നു.
വിഷം തീണ്ടിയവർ കാശുകൊടുത്ത് വിഷം വാങ്ങുന്നു
നിക്കോട്ടിൻ കത്തി ശ്യാമധൂപം ഉയരുമ്പോൾ-
കാൻസർ ശ്വാസകോശത്തിൽ ശ്യാമഛായപരത്തുന്നു
ലഹരിയുടെ ഉന്മാദാവസ്ഥയിലാകുമ്പോൾ-
അവരറിയുന്നില്ലാ-
അവരുടെ നാഡികൾ വേദനയോടലറുന്നത്
(അലറരുത്, ഇതുനിങ്ങളർഹിക്കുന്നതു തന്നെ)
കണ്ണാടിനോക്കിച്ചിരിക്കുമ്പോൾ ചിരിമങ്ങുന്നു,
ചുണ്ടുകളുടെ ശോണവർണ്ണം മാറി-മാറി-
ശ്യാമവർണ്ണമായ്ത്തീരുന്നു.
ഒരു ദിവസം വെള്ളം കിട്ടിയില്ലെങ്കിലും-
സിസറില്ലാതെ പറ്റില്ല, എന്നതു തന്നെ അവസ്ഥ
പുകതുപ്പികൾ പലവിധം, പക്ഷേ-
ദോഷഗുണങ്ങൾ ഒരു വിധം
'ശ്വാസം മുട്ടുന്നു ഒരു ദിവസം വലിച്ചില്ലെങ്കിൽ,
വലിച്ചാലോ-
ശ്വാസംമുട്ടും ഒരു രാവുമുഴുവനും'
പുകതുപ്പികൾ നമ്മുടെ കോശങ്ങളെ തളർത്തിയുറക്കുന്നു
കാൻസർ ബാധിച്ച് ഓരോ നിമിഷവും മരണത്തിന് കീഴടങ്ങുമ്പോൾ,
നമ്മളോർക്കുക-
പുകയിലയ്ക്കും കാൻസറിനും ഒരു നിറം തന്നെ എന്ന്

# അവസാനമായി....

Setna Mohan
X - A,
RGM HSS Mokeri

ചുമരിലെ ക്ലോക്കിൽ സൂചികൾ പതിയെ 5 മണിയിലേക്ക് നീങ്ങി... ആ സൂചികളുടെ ക്രമമായ ചലനം നോക്കി അവൻ കിടന്നു. അഴുക്കുപിടിച്ച അവന്റെ ഷർട്ട് നെഞ്ചി ൻ കൂട്ടിലെ വിയർപ്പിൽ മുങ്ങിയിരുന്നു. ആ റൂമിന്റെ നാലു ചുമരുകൾക്കുള്ളിൽ കുടുങ്ങിപ്പോയ ആ ആത്മാവിന്റെ മനസ്സിലെ അഴുക്കുകൾ ആ വിയർപ്പിന്റെ ഉപ്പുമായ്ക്കുന്നുവോ? അറിയില്ല...!

അവന്റെ കാടുപിടിച്ച താടിയ്ക്കും, തലമുടിക്കും ഇടയിൽ രക്തവർണ്ണത്തിലുള്ള കണ്ണുകൾ കാണാം. ആ കണ്ണിന്റെ കോണിൽ ഒരു കണ്ണീർതുള്ളി തിളങ്ങുന്നു. അത് അവന്റെ ഓർമ്മകളിൽ തട്ടിതിളങ്ങുന്നു. പെടുന്നനെ ആ തിളക്കം നശിക്കുന്നു...!



അച്ഛന്റേയും അമ്മയുടേയും ഏകമകനായിരുന്നു പഠനത്തിൽ മിടുക്കൻ. നേരിന്റെ വഴിയിലെ ഒരു കൗമാരക്കാരൻ

അങ്ങനെ, അവൻ എഞ്ചിനീയറിങ്ങിന് പഠിക്കാനായി കർണ്ണാടകത്തിലെ ഒരു കോളജിൽ എത്തുന്നു. പക്ഷെ, അവിടെ കണ്ടത്, പഠനത്തിന്റെ വിശാലമായ ലോകം മാത്രമായിരുന്നില്ല... നുരയുടേയും പതയുടേയും ലഹരിയിൽ മുങ്ങിനിൽക്കുന്ന ഒരു പറ്റം കുട്ടികളായിരുന്നു. കാമ്പസിന്റെ ഇരുണ്ട ക്ലാസ്സ് മുറികളിൽ ഞെരക്കങ്ങൾ കേൾക്കാം. അക്ഷരങ്ങൾ പൊഴിയേണ്ട വഴിയിൽ ഒഴിഞ്ഞ സിറിഞ്ചുകൾ....

അസഹ്യമായി തോന്നി... പക്ഷേ, മറികടന്നല്ലേ പറ്റൂ.... അപകടം പതിയിരുന്ന ആ വഴികളിലൂടെ അവൻ നടന്നു. പതറാതെ ഇടയ്ക്കൊന്നു പതറിയോ...?

അമൃത എന്ന പതിനെട്ടുകാരൻ തുറന്നു തന്നെ സൗഹൃദത്തിന്റെ കൂട്ടിൽ അവൻ ഒരു കിളിയായി പറന്നു. അറിയാതെ ആദ്യമായി കഴിച്ച നാരങ്ങാവെള്ളത്തിൽ.... മയക്കുമരുന്നിന്റെ രാക്ഷസമായ ലോകത്തേക്ക് അവനും തുഴഞ്ഞിരുന്നു.... അവന്റെ പുസ്തകത്താളുകൾ ഒഴിഞ്ഞുകിടന്നു.... അച്ഛനമ്മമാരുടെ പണം തീർന്നിരുന്നു. മകന്റെ പഠനത്തിനായി ജീവൻ സമർപ്പിക്കും.... പക്ഷെ, നേരെന്തെന്നറിഞ്ഞപ്പോൾ മകനെനേരിട്ടുകണ്ടപ്പോൾ... തകർന്നത് ആ ഹൃദയങ്ങളായിരുന്നു.... ഒരിക്കലും തിരിച്ചുവരാൻ പറ്റാത്ത അഗാതമായ കുഴികളിൽ മകൻ വീണപ്പോൾ ഉയർന്നത് രണ്ട് കല്ലറകളായിരുന്നു. മോഹത്തിന്റേയും സ്നേഹത്തിന്റേയും കല്ലറകൾ. ഏതോ സെല്ലിൽ തലയടിച്ച് കരയുമ്പോൾ മോഹിച്ചു പഴയ പതിനഞ്ചുകാരനാകാൻ

ഒരു നിശ്ചല ചിത്രമായി അവൻ കിടന്നു. മുന്നിൽ അമർഷത്തിന്റെയും സഹതാപത്തിന്റേയും മുഖങ്ങൾ... സഹതാപം...! അത് താനർഹിക്കുന്നുവോ....? ഇല്ല. ഒരിക്കലുമില്ല....

ആ കണ്ണീർതുള്ളി താഴെ വീണു. സ്വന്തം കുറ്റങ്ങൾ ഏറ്റു പറഞ്ഞ് സ്വയം ക്രൂശിതനാകുമ്പോഴും അവൻ അറിയാതെ ചോദിച്ചു പോയി... 'ഒരു ഡോസ് കൂടി തരുമോ, അവസാനമായി.....!




Arjun O
IX, Azhikode HS







Printed and published by Dr. Satheesan Balasubrahmannian, Director MCC Thalassery. (For Private Circulation only) Printed at Co-op. Press, Thalassery. Copies 5000